Reg. No. : ...............................

**ME 649**

Name : ......................................

# FIRST YEAR HIGHER SECONDARY MODEL EXAMINATION, JUNE 2022
## Part – III
## ACCOUNTANCY WITH AFS
**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Score

**I. Answer any eight questions from 1 to 10. Each carries 1 score.** **(8×1=8)**

**1)** The economic resources of an enterprise that can be usefully expressed in monetary terms are called

a) Assets b) Liabilities

c) Capital d) Income

**2)** A business firm would continue to carryout its operations indefinitely. Identify the concept

a) Business entity concept b) Going concern concept

c) Matching concept d) Conservation concept

**3)** Complete the following equation

Assets = ________ + Liabilities

a) Expenses b) Income

c) Capital d) Drawings

**4)** Favourable balance of bank column of cash book means

a) Bank overdraft

b) Credit balance of cash book

c) Debit balance of pass book

d) Debit balance of cash book

**5)** Identify the statement prepared to check the arithmetical accuracy of accounts prepared for an accounting period

a) Balance sheet b) Trading account

c) Trial balance d) Profit and Loss account

Score

I. 1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും എട്ട് എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (8×1=8)

1) ഒരു സ്ഥാപനത്തിന്റെ പണപരമായി കാണിച്ചിരിക്കുന്ന സാമ്പത്തിക വിഭവങ്ങളെ _______ എന്നു വിളിക്കുന്നു.

a) ആസ്തികൾ
b) ബാധ്യതകൾ
c) മൂലധനം
d) വരുമാനം

2) ഒരു ബിസിനസ്സിന് അനന്തമായ കാലയളവിൽ പ്രവർത്തിക്കുവാൻ സാധിക്കും എന്ന് പറയുന്ന തത്വം എടുത്തെഴുതുക.

a) ബിസിനസ്സ് അസ്തിത്വ തത്വം
b) സ്ഥാപന തുടർച്ചാ തത്വം
c) പൊരുത്തപ്പെടൽ തത്വം
d) മുൻകരുതൽ തത്വം

3) ചുവടെ തന്നിരിക്കുന്ന സമവാക്യം പൂർണമാക്കുക.

ആസ്തികൾ = _______ + ബാധ്യതകൾ

a) ചെലവുകൾ
b) വരവുകൾ
c) മൂലധനം
d) തൻപറ്റ്

4) ക്യാഷ് ബുക്കിന്റെ ബാങ്ക് കോളത്തിന്റെ അനുകൂലമായ ബാലൻസ് എന്ന് അർത്ഥമാക്കുന്നത്

a) ബാങ്ക് ഓവർഡ്രാഫ്റ്റ്
b) ക്യാഷ് ബുക്കിലെ ക്രെഡിറ്റ് ബാലൻസ്
c) പാസ്സ്ബുക്കിലെ ഡെബിറ്റ് ബാലൻസ്
d) ക്യാഷ് ബുക്കിലെ ഡെബിറ്റ് ബാലൻസ്

5) ഒരു അക്കൗണ്ടിംഗ് കാലയളവിൽ തയാറാക്കിയ അക്കൗണ്ടുകളിലെ കൃത്യത പരിശോധിക്കുവാനായി തയ്യാറാക്കുന്ന പട്ടിക ചുവടെ നിന്നും എടുത്ത് എഴുതുക.

a) ബാലൻസ് ഷീറ്റ്
b) ട്രേഡിങ് അക്കൗണ്ട്
c) ട്രയൽ ബാലൻസ്
d) പ്രോഫിറ്റ് ആൻഡ് ലോസ് അക്കൗണ്ട്

Score

6) Choose the event which leads to not a cause of depreciation

a) Usage
b) Passage of time
c) Obsolescence
d) Modification

7) A Bill of exchange is prepared by

a) Debtor
b) Creditor
c) Owner
d) Bank

8) Complete the following adjustment entry for the depreciation of Fixed Assets

Depreciation a/c Dr

To _______ a/c

a) Assets
b) Liabilities
c) Capital
d) Reserve

9) A computer system uses _______ unit to communicate information to the user.

a) Input unit
b) CPU
c) Output unit
d) None of these

10) Identify the accounting software is generally used in large business organisations with multi users and geographically scattered locations.

a) Ready to use
b) Customized
c) Tailored
d) None of these

**II. Answer any four questions from 11 to 17. Each carries 2 scores.** **(4×2=8)**

11) List out two objectives of accounting.

12) Site two examples of contra entry transaction.

13) Briefly explain the error of omission with an example.

Score

6) മൂല്യശോഷണത്തിനുള്ള കാരണമാകാത്തത് ചുവടെ നിന്നും എടുത്ത് എഴുതുക.

a) ഉപയോഗം
b) കാലയളവ് കഴിയുന്നത്
c) കാലഹരണപ്പെടൽ
d) പരിഷ്ക്കരണം

7) ഒരു വിനിമയ ബിൽ തയ്യാറാക്കുന്നത്

a) ഡെബ്റ്റർ
b) ക്രെഡിറ്റർ
c) ഉടമ
d) ബാങ്ക്

8) സ്ഥിരാസ്തിയുടെ മൂല്യശോഷണത്തിന് ഉള്ള അഡ്ജസ്റ്റ്മെന്റ് ജേർണലെൻട്രി പൂർണമാക്കുക.
മൂല്യശോഷണം a/c Dr
To _______ a/c

a) ആസ്തികൾ
b) ബാധ്യതകൾ
c) മൂലധനം
d) കരുതൽ തുക

9) ഒരു കമ്പ്യൂട്ടർ സിസ്റ്റം ഉപയോക്താവിന് വിവരങ്ങൾ കൈമാറാൻ _______ യൂണിറ്റ് ഉപയോഗിക്കുന്നു.

a) ഇൻപുട്ട് യൂണിറ്റ്
b) സി പി യു
c) ഔട്ട്പുട്ട് യൂണിറ്റ്
d) ഇവയൊന്നും അല്ല

10) ഒന്നിലധികം ഉപയോക്താക്കളും ഭൂമിശാസ്ത്രപരമായി ചിതറിക്കിടക്കുന്ന സ്ഥലങ്ങളുള്ള വൻകിട ബിസിനസ്സ് ഓർഗനൈസേഷനുകളിൽ സാധാരണയായി ഉപയോഗിക്കുന്ന അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ചുവടെ നിന്നും എടുത്തെഴുതുക.

a) ഉടൻ ഉപയോഗിക്കാൻ കഴിയുന്നവ
b) ആവശ്യാനുസരണം മാറ്റുവാൻ കഴിയുന്നവ
c) പ്രത്യേക നിർദ്ദേശ പ്രകാരം നിർമ്മിക്കപ്പെട്ടവ
d) ഇവയൊന്നും അല്ല

**II. 11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4×2=8)**

11) അക്കൗണ്ടിംഗിന്റെ ഏതെങ്കിലും രണ്ടു ലക്ഷ്യങ്ങൾ എഴുതുക.

12) കോൺട്ര എൻട്രി ഇടപാടുകൾക്ക് രണ്ടു ഉദാഹരണങ്ങൾ എഴുതുക.

13) ഉപേക്ഷാ തെറ്റുകൾ ഒരു ഉദാഹരണ സഹിതം ലഘുവായി വിവരിക്കുക.

14) A bills of exchange dated March 5, 2022 is payable after 1 month for the amount of Rs.5,000/-, calculate due date of this bill.

15) Explain Balance Sheet.

16) On 01-01-2021, Neethu commenced business with capital of Rs. 2,00,000. During the year 2021 Neethu withdrawals for private purposes were Rs. 36,000/-. On 31-12-2021 Neethu's capital account shows the balance of Rs. 2,14,000/-. Calculate profit for the year 2021.

17) Explain any two advantages of Computerised Accounting System.

**III. Answer any four questions from 18 to 23. Each carries 3 scores.** **(4×3=12)**

18) List out six users of accounting information.

19) State the meaning of Duel Aspect Concept.

20) Write three differences between Journal and Ledger.

21) Briefly explain any three causes of Depreciation.

22) Calculate cost of goods sold from the following :
Purchases Rs. 84,000/-; Wages Rs. 26,000/- Closing Stock Rs.10,000/-

23) State prepaid expenses and write down adjusting journal entry for prepaid expenses.

**IV. Answer any four questions from 24 to 29. Each carries 4 scores.** **(4×4=16)**

24) Explain briefly four qualitative characteristics of accounting information.

25) Write short notes on :

a) Business Entity Concept

b) Money Measurement Concept

Score

14) 2022 മാർച്ച് 5 ന് 5,000 രൂപയുടെ ഒരു വിനിമയ ബിൽ ഒരു മാസകാലയളവിലേക്ക് തയ്യാറാക്കിയതിന്റെ തീർപ്പാക്കൽ തീയതി കണ്ടുപിടിക്കുക.

15) ബാലൻസ് ഷീറ്റ് എന്നാലെന്തെന്നു വിവരിക്കുക.

16) 2021 ജനുവരി 1 ന് നീതു 2,00,000 രൂപ മൂലധനമായി ബിസിനസ് ആരംഭിച്ചു. 2021 വർഷത്തെ തൻപറ്റ് തുക 36,000 രൂപയാണ്. 2021ഡിസംബർ 31 ന് മൂലധന അക്കൗണ്ട് ബാലൻസ് 2,14,000 രൂപയാണ്. 2021 വർഷത്തെ ലാഭം കണ്ടുപിടിക്കുക.

17) കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ എന്തെങ്കിലും രണ്ട് പ്രയോജനങ്ങൾ വിവരിക്കുക.

**III. 18 മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** (4×3=12)

18) അക്കൗണ്ടിംഗ് വിവരങ്ങളുടെ 6 ഉപയോക്താക്കളെ കുറിച്ച് പട്ടികപ്പെടുത്തുക.

19) ഇരു ഘടക തത്വം വിശദീകരിക്കുക.

20) ജേർണലും ലെഡ്ജറും തമ്മിലുള്ള മൂന്ന് വ്യത്യാസങ്ങൾ എഴുതുക.

21) മൂല്യശോഷണത്തിനുള്ള ഏതെങ്കിലും മൂന്ന് കാരണങ്ങൾ എഴുതുക.

22) ചുവടെ തന്നിരിക്കുന്ന വിവരങ്ങളിൽ നിന്നും വിറ്റ സാധനങ്ങളുടെ ചെലവ് കണ്ടുപിടിക്കുക.
സാധനം വാങ്ങിയത് Rs. 84,000/-; കൂലി Rs. 26,000/- വർഷാന്ത്യ നീക്കിയിരിപ്പ് Rs.10,000/-

23) മുൻകൂർ അടച്ച ചെലവ് എന്താണെന്നും മുൻകൂർ അടച്ച ചെലവിന്റെ അഡ്ജസ്റ്റിംഗ് ജേർണൽ എൻട്രിയും എഴുതുക.

**IV. 24 മുതൽ 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** (4×4=16)

24) അക്കൗണ്ടിംഗ് വിവരങ്ങൾക്ക് ആവശ്യമായ നാല് ഗുണാത്മക സവിശേഷതകൾ വിവരിക്കുക.

25) ചെറിയ കുറിപ്പുകൾ എഴുതുക :

a) ബിസിനസ് അസ്സ്തിത്വ തത്വം

b) പണമായി അളക്കൽ തത്വം

Score

26) State any four reasons for preparing a bank reconciliation statement.

27) Krishna Traders Purchased a machinery for Rs. 92,000 on 1st January 2019 and spent Rs. 18,000/- for its installation. The salvage value of the machinery after its useful life of 10 years is estimated to be Rs. 10,000/-. Prepare Machinery account for first 3 years assuming that the books of accounts are closed on 31 December every year and charge depreciation under straight line method.

28) From the following calculate the value of credit purchases by preparing Total Creditors account :

Balance of creditors on 01-04-2021 Rs. 24,000/-

Balance of creditors on 31-03-2022 Rs. 32,000/-

Cash paid to creditors during 2021-22 Rs. 36,000/-

Discount received from creditors Rs. 4,000/-

Purchase Return during the year Rs. 2,000/-

29) Describe four advantages of Computer System.

**V. Answer any four questions from 30 to 35. Each carries 5 scores.** **(4×5=20)**

30) Enter the following transactions in Sales Book of Sushu Electronics :

2021 Jan. 1 Sold to DD Enterprises as per bill no : 1254
- 10 LED TV @ Rs. 20,000/- each
- 5 Microwave Owen @ Rs.12,000/- each
- Trade discount @ 10%

Jan. 5 Sold to Lakshmi Electronics as per bill no: 1273
- 10 Electric heater @ Rs. 5,000/- each
- 20 Home Theatre @ Rs. 25,000/- each

Jan. 6. Sold to Ammus Electricals as per bills no : 1280
- 5 Air conditioners @ Rs. 20,000/- each

Score

26) ബാങ്ക് പൊരുത്തപ്പെടൽ പട്ടിക തയാറാക്കുവാൻ ഇടയാക്കുന്ന ഏതെങ്കിലും നാല് സാഹചര്യങ്ങൾ എഴുതുക.

27) കൃഷ്ണ ട്രേഡേഴ്സ് 2019 ജനുവരി 1-ന് 92,000 രൂപയ്ക്ക് ഒരു മെഷിനറി വാങ്ങി. ഇത് സ്ഥാപിക്കുന്നതിന് 18,000 രൂപ ചെലവഴിച്ചു. മെഷിനറിയുടെ 10 വർഷത്തെ ഉപയോഗ പ്രദമായ ജീവിതത്തിനു ശേഷമുള്ള സംരക്ഷക മൂല്യം 10,000 രൂപയായി കണക്കാക്കുന്നു. എല്ലാ വർഷവും ഡിസംബർ 31-ന് അക്കൗണ്ട് ബുക്കുകൾ ക്ലോസ് ചെയ്യുമെന്നും നേർരേഖാ രീതിയിൽ മൂല്യശോഷണം ഈടാക്കുമെന്നും കരുതി ആദ്യത്തെ 3 വർഷത്തേക്ക് മെഷിനറി അക്കൗണ്ട് തയ്യാറാക്കുക.

28) ചുവടെപ്പറയുന്നവയിൽ നിന്ന് മൊത്തം ക്രെഡിറ്റേഴ്സ് അക്കൗണ്ട് തയ്യാറാക്കി കടം വാങ്ങിയ സാധനങ്ങളുടെ മൂല്യം കണക്കാക്കുക.

01-04-2021ലെ ക്രെഡിറ്റേഴ്സ് അക്കൗണ്ട് 24,000/-രൂപ

31-03-2022 ലെ ക്രെഡിറ്റേഴ്സ് അക്കൗണ്ട് 32,000/- രൂപ

2021-22 കാലയളവിൽ കടക്കാർക്ക് നൽകിയ തുക 36,000/- രൂപ

കടക്കാരിൽ നിന്ന് ലഭിച്ച കിഴിവ് 4,000/- രൂപ

ഈ വർഷത്തെ പർച്ചേസ് റിട്ടേൺ 2,000/- രൂപ

29) കമ്പ്യൂട്ടർ സിസ്റ്റത്തിന്റെ നാല് ഗുണങ്ങൾ വിവരിക്കുക.

**V. 30 മുതൽ 35 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരമെഴുതുക.**
**5 സ്കോർ വീതം.** **(4×5=20)**

30) സുഷു ഇലക്ട്രോണിക്സിന്റെ സെയിൽസ് ബുക്കിൽ ഇനിപ്പറയുന്ന ഇടപാടുകൾ രേഖപ്പെടുത്തുക.

2021 ജനുവരി 1 ബിൽ നമ്പർ : 1254 പ്രകാരം ഡിഡി എന്റർപ്രൈസസിന് സാധനങ്ങൾ വിറ്റു.
10 എൽ ഇ ഡി ടിവി @ Rs. 20,000/- വീതം
5 മൈക്രോവേവ് ഓവൻ @ Rs. 12,000/- വീതം
ട്രേഡ് കിഴിവ് @10%

ജനുവരി 5 ബിൽ നമ്പർ: 1273 പ്രകാരം ലക്ഷ്മി ഇലക്ട്രോണിക്സിന് സാധനങ്ങൾ വിറ്റു
10 ഇലക്ട്രിക് ഹീറ്റർ @ Rs. 5,000/- വീതം
20 ഹോം തിയേറ്റർ @ Rs. 25,000/- വീതം

ജനുവരി 6 ബിൽ നമ്പർ : 1280 പ്രകാരം അമ്മൂസ് ഇലക്ട്രിക്കൽസിന് വിറ്റു
5 എയർകണ്ടീഷണറുകൾ @ Rs. 20,000/- വീതം

Score

31) On 31st March, 2022 the cash book shows a bank balance of Rs. 42,000/-. On comparing the cash book with passbook, the following discrepancies were noted :

a) Cheque issued but not yet presented for payment Rs. 6,000/-

b) Bank Interest credited by bank Rs. 1000/-

c) Directly deposited to bank by a customer, Mr. Shafi Rs. 5,000/-

d) GST paid by bank as per standing instruction Rs. 12,500/-

e) Bank Charges debited by bank Rs. 500/-

32) List out and describe any two types of errors may occurred in accounting. Site examples.

33) On 16th January 2022, Aju sold goods to Sajeev for Rs. 40,000/- and drew upon a bill for the same amount payable after 2 months. The bill was accepted by Sajeev. On 17th January 2022, the bill was discounted by Aju from his bank for Rs. 39,000/-. Sajeev met the bill on due date. Record necessary journal entries in the books of Aju and Sajeev.

34) Site five examples for Capital expenditure.

35) An extract from the trial balance on 31st March, 2022 as given below :

| | |
|---|---|
| Sundry Debtors | Rs. 42,000/- |
| Bad Debts | Rs. 4,000/- |

**Additional information** :

Write off further bad debts Rs. 2,000/- and create a provision for bad debts @ 5%. How the above items will show on Profit and Loss account on 31st March, 2022 ?

Score

31) 2022 മാർച്ച് 31-ന് ക്യാഷ് ബുക്കിലെ ബാങ്ക് ബാലൻസ് Rs. 42,000/-.ക്യാഷ് ബുക്കും പാസ്സ്ബുക്കും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ താഴെ പറയുന്ന പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

a) ചെക്ക് നൽകിയെങ്കിലും പേയ്മെന്റിനായി ഇതുവരെ ഹാജരാക്കിയിട്ടില്ല Rs. 6,000/-

b) ബാങ്ക് പലിശ ബാങ്ക് ക്രെഡിറ്റ് ചെയ്തത് Rs. 1000/

c) ശ്രീ. ഷാഫി, ഒരു ഉപഭോക്താവ് നേരിട്ട് ബാങ്കിലേക്ക് തരുവാനുള്ള തുക നിക്ഷേപിച്ചു. Rs. 5,000/-

d) നിലവിലുള്ള നിർദ്ദേശ പ്രകാരം ബാങ്ക് അടച്ച ജിഎസ്ടി തുക Rs. 12,500/-

e) ബാങ്ക് ചാർജുകൾ ബാങ്ക് ഡെബിറ്റ് ചെയ്തത് Rs. 500/-

32) അക്കൗണ്ടിംഗിൽ സംഭവിച്ചേക്കാവുന്ന രണ്ട് തരത്തിലുള്ള പിശകുകൾ പട്ടികപ്പെടുത്തുകയും ഉദാഹരണ സഹിതം വിവരിക്കുകയും ചെയ്യുക.

33) 2022 ജനുവരി 16-ന് അജു 40,000/- രൂപയുടെ സാധനങ്ങൾ സജീവന് വിറ്റു. ഉടൻ 2 മാസത്തെ കാലയളവിലുള്ള കിട്ടുവാനുള്ള അതേ തുകയ്ക്ക് സജീവ് സ്വീകരിച്ച ഒരു വിനിമയ ബിൽ അജുവിന് ലഭിച്ചു. 2022 ജനുവരി 17 ന്, അജു തന്റെ ബാങ്കിൽ നിന്ന് 39,000/-രൂപയ്ക്ക് ബില്ല് കിഴിവ് ചെയ്തു. സജീവ് നിശ്ചിത തീയതിയിൽ ബിൽ തീർപ്പാക്കി. അജുവിന്റെയും സജീവിന്റെയും ബുക്കുകളിൽ ആവശ്യമായ ജേണൽ എൻട്രികൾ രേഖപ്പെടുത്തുക.

34) മൂലധന ചെലവിനുള്ള അഞ്ച് ഉദാഹരണങ്ങൾ എഴുതുക.

35) 2022 മാർച്ച് 31-ലെ ട്രയൽ ബാലൻസിൽ നിന്നുള്ള ഒരു ഭാഗം ചുവടെ നൽകിയിരിക്കുന്നു.

| | |
|---|---|
| സൺഡ്രി ഡബിറ്റേഴ്സ് | Rs. 42,000/- |
| കിട്ടാക്കടം | Rs. 4,000/- |

**മറ്റു വിവരങ്ങൾ** :

അധിക കിട്ടാകടങ്ങൾ എഴുതി തള്ളിയത് Rs. 2,000/- കൂടാതെ സംശയാസ്പദ കടത്തിനുള്ള വകയിരുത്താൻ @ 5%.

2022 മാർച്ച് 31ന് ലാഭ-നഷ്ട അക്കൗണ്ടിൽ മുകളിലുള്ള ഇനങ്ങൾ എങ്ങനെ കാണിക്കും ?

Score

**VI. Answer any two questions from 36 to 38. Each carries 8 scores.** **(2×8=16)**

**36)** Journalise the following transactions :

2022 Jan. 1 Bincy started business with cash Rs. 2,00,000/-

Jan. 2 Opened a bank account Rs. 50,000/-

Jan. 4 Furniture purchased Rs. 20,000/-

Jan. 6 Purchased goods from Binoy Rs. 30,000/-

Jan. 6 Carriage paid Rs. 1,000/-

Jan. 7 Returned goods to Binoy Rs. 2,000/-

Jan. 10 Sold goods for cash Rs. 45,000/-

Jan. 12 Issued cheque to Binoy Rs. 27,000/- in full settlement of his account.

Jan. 14 Withdrew goods for personal use Rs.1,000/-

Jan. 15 Commission received Rs. 3,000/-

**37)** Enter the following transactions in double column cash book of Subhadra Cashews for April 2022 :

01 Cash in hand Rs. 12,000/-

Cash at bank Rs. 38,000/-

02 Purchased goods for cash Rs. 4,000/-

05 Withdrew from bank Rs. 18,000/-

06 Sold goods for cash Rs. 7,000/-

09 Rent paid by cheque Rs. 2,000/-

10 Received a cheque from Kumar for Rs. 12,000/- deposited into bank

14 Withdrew from bank for personal use Rs. 3,000/-

15 Commission received Rs. 1,000/-

Score

**VI. 36 മുതൽ 38 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2×8=16)**

**36)** ചുവടെപ്പറയുന്ന ഇടപാടുകൾക്ക് ജേണലെൻട്രി എഴുതുക.

2022 ജനു. 1 ബിൻസി പണമായി ബിസിനസ് ആരംഭിച്ചു Rs. 2,00,000/-

ജനു. 2 ബാങ്ക് അക്കൗണ്ട് തുറന്നു Rs. 50,000/-

ജനു. 4 ഫർണിച്ചർ വാങ്ങിയത് Rs. 20,000/-

ജനു. 6 ബിനോയിയിൽ നിന്ന് സാധനങ്ങൾ വാങ്ങി Rs. 30,000/-

ജനു. 6 കടത്ത് കൂലി നൽകിയത് Rs. 1,000/-

ജനു. 7 ബിനോയിക്ക് തിരികെ സാധനങ്ങൾ നൽകിയത് Rs. 2,000/-

ജനു. 10 സാധനങ്ങൾ വിറ്റത് Rs. 45,000/-

ജനു. 12 ബിനോയിക്ക് 27,000 രൂപ ചെക്ക് നൽകി മുഴുവൻ ഇടപാടും തീർത്തു.

ജനു. 14 വ്യക്തിഗത ആവശ്യത്തിനായി സാധനങ്ങൾ എടുത്തു Rs. 1,000/-

ജനു. 15 കമ്മീഷൻ ലഭിച്ചത് Rs. 3,000/-

**37)** 2022 ഏപ്രിലിൽ സുഭദ്ര കാഷ്യൂസിന്റെ ഇരട്ട കോളം ക്യാഷ് ബുക്കിൽ ഇനിപ്പറയുന്ന ഇടപാടുകൾ എഴുതുക.

01 കൈയിലുള്ള പണം12,000/-രൂപ

ബാങ്കിലെ പണം 38,000/- രൂപ

02 സാധനങ്ങൾ വാങ്ങിയത് 4,000/- രൂപ

05 ബാങ്കിൽ നിന്ന് പിൻവലിച്ചത് 18,000/-രൂപ

06 സാധനങ്ങൾ വിറ്റത് 7,000/-രൂപ

09 ചെക്ക് വഴി അടച്ച വാടക 2,000/- രൂപ

10 കുമാറിൽ നിന്ന് 12,000/- രൂപയുള്ള ഒരു ചെക്ക് ലഭിച്ചു. അത് ബാങ്കിൽ നിക്ഷേപിച്ചു.

14 വ്യക്തിഗത ഉപയോഗത്തിനായി ബാങ്കിൽ നിന്ന് പിൻവലിച്ചത് 3,000/- രൂപ

15 കമ്മീഷൻ 1,000/- രൂപ ലഭിച്ചു

Score

**38)** From the following trial balance and additional information of Shamla Traders, prepare trading and profit and loss account for the year ending 31st March 2022 and balance sheet as on that date.

**Trial Balance**

| **Debit balances** | **Amount (Rs.)** | **Credit balances** | **Amount (Rs.)** |
|---|---|---|---|
| Opening Stock | 18,000 | Sales | 1,14,000 |
| Purchases | 64,000 | Commission received | 6,000 |
| Wages | 4,000 | Sundry Creditors | 20,000 |
| Salaries | 12,000 | Capital | 80,000 |
| Stationery | 1,000 | | |
| Furniture | 20,000 | | |
| Cash in hand | 24,000 | | |
| Cash at bank | 18,000 | | |
| Land and Buildings | 36,000 | | |
| Sundry Debtors | 23,000 | | |
| | **2,20,000** | | **2,20,000** |

**Additional information** :

a) Outstanding salary Rs. 3,000/-

b) Depreciation on Furniture @ 5%

c) Closing stock on 31st March 2022 Rs. 21,000/-

Score

**38)** ഷംല ട്രേഡേഴ്സിന്റെ ഇനിപ്പറയുന്ന ട്രയൽ ബാലൻസിൽ നിന്നും മറ്റു വിവരങ്ങളിൽ നിന്നും, 2022 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്കുള്ള ട്രേഡിംഗും ലാഭ-നഷ്ട അക്കൗണ്ടും ആ തീയതിയിലെ ബാലൻസ് ഷീറ്റും തയ്യാറാക്കുക.

**ട്രയൽ ബാലൻസ്**

| ഡെബിറ്റ് ബാലൻസ് | തുക | ക്രെഡിറ്റ് ബാലൻസ് | തുക |
|---|---|---|---|
| ഓപ്പണിങ് സ്റ്റോക്ക് | 18,000 | സെയിൽസ് | 1,14,000 |
| പർച്ചെയ്സസ് | 64,000 | കമ്മീഷൻ റിസീവ്ഡ് | 6,000 |
| വേജസ് | 4,000 | സൻഡ്രി ക്രെഡിറ്റേഴ്സ് | 20,000 |
| സാലറീസ് | 12,000 | ക്യാപിറ്റൽ | 80,000 |
| സ്റ്റേഷനറി | 1,000 | | |
| ഫർണിച്ചർ | 20,000 | | |
| ക്യാഷ് ഇൻ ഹാൻഡ് | 24,000 | | |
| ക്യാഷ് അറ്റ് ബാങ്ക് | 18,000 | | |
| ലാൻഡ് ആൻഡ് ബിൽഡിംഗ്സ് | 36,000 | | |
| സൻഡ്രി ഡബ്റ്റേഴ്സ് | 23,000 | | |
| | **2,20,000** | | **2,20,000** |

**മറ്റു വിവരങ്ങൾ :**

a) സാലറി നൽകാനുള്ളത് Rs. 3,000/-

b) ഫർണിച്ചറിനുള്ള മൂല്യശോഷണം @ 5%

c) 2022 മാർച്ച് 31-ന് വർഷാന്ത്യ നീക്കിയിരുപ്പ് Rs. 21,000/-